## 4.

# ദീർഘിപ്പിക്കൽ مدّ

അറബിഅക്ഷരങ്ങളെ ദീർഘിപ്പിച്ച് ഉച്ചരിക്കുന്നതിനാണ് മദ്ദ് مدّ എന്നു പറയുന്നത്. ഒരക്ഷരത്തോടൊപ്പം അലിഫ്, വാവ്, യാഅ് എന്നിവ ചേർക്കുകയാണ് മദ്ദിൻെറ രൂപം. ഉദാഹരണമായി ന എന്ന അക്ഷരത്തോടൊപ്പം അലിഫ് ചേർന്നാൽ നാ എന്നുച്ചരിക്കണം. അത് അറബിയിൽ എഴുതുന്നത് ഈ രൂപത്തിലാകുന്നു. نَا = ا +نَ . ഇങ്ങനെയുള്ള എല്ലാ അക്ഷരങ്ങളെയും രണ്ട് അക്ഷരം ഉച്ചരിക്കുന്ന സമയം ദീർഘിപ്പിക്കണം. ഇതുപോലെ തന്നെയാണ് വ, യ എന്നീ ദീർഘചിഹ്നങ്ങൾ വന്നാലും ചെയ്യേണ്ടത്. അലിഫ്, വാ, യാ أ، و ، ى എന്നിവ അറബിഅക്ഷരങ്ങളെ ദീർഘിപ്പിക്കുന്നതിനുള്ള ചിഹ്നങ്ങളാകുന്നു. ഇവ ഫത്ഹിനുശേഷം അലിഫും ഉമ്മിനു ശേഷം വാവും കസ്റിനു ശേഷം യാഉമാണ് യഥാക്രമം ഉപയോഗിക്കേണ്ടത്. ഇവയെ സാധാരണ ദീർഘങ്ങൾ എന്നു പറയുന്നു. ഈ അക്ഷരങ്ങളെ മറന്നുപോകാതിരിക്കാൻ نُوحِيهَا എന്ന പദം ഓർത്താൽ മതി. ഉദാഹരണം: ها = ا + هـ നാ حي =ي + ح നീ نو = و + ن . ഈ വാക്കിൽ സാധാരണ മദ്ദിൻെറ ഓരോ ചിഹ്നവും വന്നിട്ടുണ്ട്. അവയെ രണ്ട് അക്ഷരങ്ങളുടെ ദൈർഘ്യമെങ്കിലും നല്കി നീട്ടേണ്ടതാകുന്നു.

മദ്ദ് പ്രധാനമായും രണ്ട് തരമാണ്. മദ്ദ് അസ്വ്ലി, മദ്ദ് ഫർഇ എന്നിവയാണവ.

### *1. മദ്ദ് അസ്വ്ലി (സാധാരണ ദൈർഘ്യം)* مدّ أصلي

മദ്ദ് അസ്വ്ലിയെ മദ്ദ് അത്ത്വബീഈ എന്നും പറയുന്നു. അതായത്, സാധാരണ ദീർഘമാണ് അതുകൊണ്ട് അർഥമാക്കുന്നത്. മദ്ദ് അസ്വ്ലിയനുസരിച്ച് അക്ഷരങ്ങൾക്ക് രണ്ട് അക്ഷരങ്ങളുടെ ദൈർഘ്യം നല്കണം.

വാക്കുകൾക്കിടയിൽ ഹ, വ എന്നിവ ചേർന്നുവരികയാണ് മറ്റൊരു രൂപം. അക്ഷരങ്ങൾക്കിടയിൽ و،ي എന്നീ ചെറിയ അക്ഷരങ്ങളല്ലാതെ അവിടെ മദ്ദിൻെറ പ്രത്യക്ഷത്തിലുള്ള ചിഹ്നങ്ങളൊന്നും കാണാൻ സാധിക്കുകയില്ല. ഉദാഹ: لَهُ و – مَا فِيهِ ي. ഇവയെ അതായത്, വ യ എന്നിവയെ രണ്ട് അക്ഷരങ്ങളുടെ ദൈർഘ്യം നല്കി നീട്ടി പാരായണം ചെയ്യണം.

### *2. മദ്ദ് ഫർഈ(സാധാരണത്തെക്കാൾ കൂടിയത്)* مد فرعي

സാധാരണത്തെക്കാൾ ദൈർഘ്യം കൂടിയതാണിത്. രണ്ട് സന്ദർഭങ്ങളിലാണ് ഇത് ഉണ്ടാകുന്നത്.

1. മദ്ദക്ഷരത്തിനു ശേഷം همزة വരിക. ഉദാഹരണം: ملائكة ، سيئ، يبوء
2. മദ്ദക്ഷരത്തിന് ശേഷം സുകൂൻ വരിക. ഉദാഹരണം: الحاقّة

ഏതവസ്ഥയിലും ആറ് അക്ഷരങ്ങളുടെ ദൈർഘ്യം അവയ്ക്ക് നല്കി പാരായണം ചെയ്യണം.

മദ്ദ് ഫർഈയെ 6 വിഭാഗമാക്കി തിരിക്കാം. അവയിൽ ഓരോന്നിനെയും ലളിതമായി പരിചയപ്പെടുത്തട്ടെ.

#### *1. മദ്ദ് മുത്വസിൽ*

ചില മദ്ദക്ഷരത്തിന് ശേഷം ഹംസ വരിക. ഇത്തരം സന്ദർഭങ്ങളിൽ ഈ അക്ഷരങ്ങൾക്ക് ആറ് അക്ഷരങ്ങളുടെ ദൈർഘ്യം നല്കണം. ഉദാ: صَآخة، الٓمٓ، ءَآلْنَ പോലുള്ളവ. ഇതുപോലെയാകുന്നു ചില സൂറ കളുടെ തുടക്കത്തിലുള്ള അക്ഷരങ്ങളുടെ ഉച്ചാരണവും. سين، نون، قاف، صاد، عين، لام، ميم، كاف എന്നിവ ഉദാഹരണം. ഇവയെ ആറ് അറ്റങ്ങളുടെ ദൈർഘ്യമെങ്കിലും നല്കി പാരായണം ചെയ്യണം.

#### *2. മദ്ദ് മുൻഫസിൽ*

ഒരു വാക്കിൻെറ അവസാനത്തിൽ മദ്ദിൻെറ അക്ഷരം വരികയും തൊട്ടടുത്ത വാക്കിൻെറ ആദ്യത്തിൽ ഹംസ വരികയും ചെയ്താൽ അഞ്ച് അക്ഷരങ്ങളുടെ ദൈർഘ്യം നല്കണം. ഉദാഹരണം:

بِمَا أُنْزِلَ، قَالُوا آمَنَّا، يَا أَيُّهَا

### 3. മദ്ദുൽ ബദൽ

മദ്ദിൻെറ ചിഹ്നങ്ങളായ വ, യ എന്നിവക്ക് മുമ്പായി ഹംസ همزة ചേർന്നു വരികയും പ്രസ്തുത മദ്ദക്ഷരത്തിന് ശേഷം همزة യോ സുകൂനോ വരാതിരിക്കുകയും ചെയ്യുകയാണതിൻെറ അടയാളം. അത്തരം അക്ഷരങ്ങളെ നാല് അക്ഷരസമയം ദീർഘിപ്പിച്ചു ഉച്ചരിക്കണം. ഉദാഹരണം. ءامَنُوا، ءامن، أوتو

### 4. മദ്ദ് ലീൻ المد اللين

ഒരു അക്ഷരത്തിൽ യ – വ (ي – و) ഇവയിൽ ഏതെങ്കിലും ഒന്ന് സുകൂനായി വരികയും അതിനു തൊട്ട് മുമ്പുള്ള അക്ഷരത്തിന് ഫത്ഹ് ആവുകയും ശേഷമുള്ളത് വിരാമത്തിനായി സുകൂനാവുകയും ചെയ്യുകയാണ് ഇതിൻെറ ലക്ഷണം. ഉദാ- الصَّيْفْ، بَيْتْ، قُرَيْشْ.

രണ്ട് മുതൽ അക്ഷരദൈർഘ്യമാണ് അവയിലെ മദ്ദക്ഷരങ്ങൾക്ക് നല്കേണ്ടത്. ആ അക്ഷരങ്ങൾ സുകൂനോടു കൂടിയുള്ളവയായിരിക്കും. മേൽപറഞ്ഞ ഉദാഹരണത്തിലെ യ എന്നക്ഷരമാണ് മദ്ദിൻെറത്. അവയ്ക്ക് രണ്ട് മുതൽ നാല് അക്ഷരങ്ങളുടെ ദൈർഘ്യം നല്കേണ്ടത്. മറ്റൊരു ഉദാഹരണമാണ് خَوْفْ، مَوْتْ، صَوْتْ എന്നിവ. ഇവയിലെ വാവിനും രണ്ട് മുതൽ നാല് അക്ഷരങ്ങളുടെ ദൈർഘ്യം നല്കണം. അതുപോലെ جَنَّتَان ، عَلِيم എന്നീ ഉദാഹരണങ്ങളും ശ്രദ്ധിക്കുക.

### 5. മദ്ദ് അൽആരിദ് مد العارض

വിരാമത്തിനുവേണ്ടി പുതുതായി സുകൂനാവുകയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. ഉദാഹരണം: جَنَّتَان، عَلِيم، عَلِيم ، يُؤْمِنُون ഇവയിലെ മദ്ദക്ഷരങ്ങളായ ألف، ياء ، واو എന്നിവയെ ആറ് അക്ഷരങ്ങളുടെ ദൈർഘ്യം നല്കി പാരായണം ചെയ്യണം.

### 6. മദ്ദ് അൽലാസിം مد اللازم

മദ്ദ് അറ്ററത്തിനു ശേഷം അസ്‌ലിയായ സുകൂനോടു കൂടി ഒരു അതേ അക്ഷരം വരികയാണ് അതിൻെറ അടയാളം. അതായത്, മദ്ദക്ഷരത്തിനു ശേഷം അതേ അക്ഷരം സുകൂനോടു കൂടി വരിക. ഉദാഹരണം: آلْآنَ . ഇതിലെ അലിഫിനെ മൂന്ന് മുതൽ ആറ് വരെ അക്ഷരങ്ങളുടെ ദൈർഘ്യം നല്കി നീട്ടൽ നിർബന്ധമാണ്.

അതുപോലെ മദ്ദിനുള്ള ഹംസക്ക് ശേഷം ശദ്ദത്തോടു കൂടിയ അക്ഷരം വരികയാണ് മറ്റൊരു രീതി. ഉദാഹരണം: الْحَاقَّة، الصَّآخَّة . ഇവയെ ആറ് അറ്ററങ്ങളുടെ ദൈർഘ്യം നല്കി ഉച്ചരിക്കണം.

ആയതുകൾ അവസാനിക്കുന്നതിനു മുമ്പുള്ള മദ്ദിനെയും ഈവിധത്തിൽ വേണം ഉച്ചരിക്കുവാൻ. تُكَذِّبَان، خَاسِرِين ، مُفْلِحُون ، يُقِنُون എന്നിവ ഉദാഹരണം.

### അലിഫുകളുടെ നീട്ടൽ

പദത്തിൻെറ അവസാനം എഴുതിയിട്ടുണ്ടെങ്കിലും ഏഴ് സ്ഥലങ്ങളിൽ അലിഫ് നീട്ടാതെ പാരായണം ചെയ്യണം. ഉദാഹരണം: فإن كانتا اثنتين ഇത് പാരായണം ചെയ്യുമ്പോൾ ഫഇൻ കാനതഥ്നതൈനി എന്ന് അലിഫിനെ ദീർഘമാക്കാതെ പാരായണം ചെയ്യണം. മറ്റു സ്ഥലങ്ങൾ ഇവയാകുന്നു:

| | | |
|---|---|---|
| ലാകിന്ന ഹുവല്ലാഹു | | لَكِنَّا هُوَ اللهُ ( سورة الكهف) |
| വതളുന്നൂന ബില്ലാഹിള്ളുനൂനഹുനാലിക | | وَتَظُنُّونَ بِاللهِ الظُّنُونَا هُنَالِكَ (الأحزاب) |
| വഅത്വഅ്നർറസൂല വഖാലൂ | | وَأَطَعْنَا الرَّسُولَا وَقَالُوا (الأحزاب) |
| ഫഅദല്ലൂനസ്സബീല | | فَأَضَلُّونَا السَّبِيلَا (الأحزاب) |

| | | |
|---|---|---|
| കാനത് ഖവാരീറ ഖവാരീറ | | كَانَتْ قَوَارِيرَا ، قَوَارِيرَ مِن فضَّةٍ ( الدهر) |
| ഇന്നാ അഅ്തദ്നാലിൽ കാഫിരീന സലാസില വഅഗ്ലാലൻ വസഈറാ | | إِنَّا أَعْتَدْنَا لِلْكَافِرِينَ سَلَاسِلَا وَأَغْلَالاً وسَعِيرًا (الدهر) |

അതുപോലെ മദ്ദിനുള്ള വാവിനെ ദീർഘിപ്പിക്കാതെ പാരായണം ചെയ്യേണ്ട സ്ഥലങ്ങളുമുണ്ട്. ഉദാഹരണം:

| | | |
|---|---|---|
| ലസ്വാലുൽ ജഹീം | | لَصَالُوا الجَحِيم ( المطففين) |
| വംതാസുൽ യൗമ | | وَامْتَازُوا الْيَوْمَ ( يس) |
| വലാ തസുബ്ബുല്ലദീന | | وَلَا تَسُبُّوا الَّذِينَ ( انعام) |